സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 59 | ലക്കം: 253 | 2025 ഫെബ്രുവരി 01 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## കുംഭമേള ദുരന്തം: ബജറ്റ് അവതരണത്തിനിടെ പ്രതിഷേധിച്ച് പ്രതിപക്ഷം; ലോക്സഭയിൽ നിന്ന് ഇറങ്ങിപ്പോയി

ന്യൂഡൽഹി: മൂന്നാം മോദി സർക്കാറിൻറെ രണ്ടാം ബജറ്റ് കേന്ദ്ര മന്ത്രി നിർമല സീതാരാമൻ അവതരിപ്പിക്കുന്നതിനിടെ പ്രതിപക്ഷം ലോക്സഭയിൽ നിന്ന് ഇറങ്ങിപ്പോയി. പ്രയാഗ് രാജിലെ മഹാകുംഭമേളക്കിടെ ഉണ്ടായ ദുരന്തം സഭ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചാണ് കോൺഗ്രസിൻറെ നേതൃത്വത്തിൽ പ്രതിപക്ഷം ഇറങ്ങിപ്പോയത്. ബജറ്റ് അവതരണത്തിന് സ്പീക്കർ ധനമന്ത്രിയെ ക്ഷണിച്ചതോടെ മഹാകുംഭമേള ദുരന്തം ചൂണ്ടിക്കാട്ടി പ്രതിപക്ഷ അംഗങ്ങൾ ലോക്സഭയിൽ ബഹളം തുടങ്ങി. എന്നാൽ, പ്രതിപക്ഷ ആവശ്യം പരിഗണിക്കാതെ സ്പീക്കർ ഓം ബിർല ധനമന്ത്രി നിർമല സീതാരാമനെ ബജറ്റ് അവതരത്തിന് ക്ഷണിച്ചു. ഇതിന് പിന്നാലെ പ്രതിഷേധത്തിന്റെ ഭാഗമായി പ്രതീകാത്മക ഇറങ്ങിപ്പോക്ക് നടത്തിയത്.

# ആദായനികുതി ഇളവിൽ ചരിത്രപ്രഖ്യാപനം; 12 ലക്ഷംവരെ വരുമാനമുള്ളവർ നികുതിയടക്കേണ്ട

ന്യൂഡൽഹി: ആദായനികുതി പരിധി 12 ലക്ഷമാക്കി ഉയർത്തിക്കൊണ്ട് കേന്ദ്ര ബജറ്റിലെ വമ്പൻ പ്രഖ്യാപനം. ആദായ നികുതി സ്ലാബ് നിലവിൽ വന്നതിനുശേഷമുള്ള ഏറ്റവും വലിയ ഇളവാണ് ധനമന്ത്രി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. ധനമന്ത്രിയുടെ ബജറ്റ് പ്രഖ്യാപനം ഇടത്തരം-മധ്യവർഗ കുടുംബങ്ങളിലെ നികുതിദായകർക്ക് വലിയ ആശ്വാസമാണ് നൽകുന്നത്.

റിബേറ്റടക്കം 12.75 ലക്ഷം വരെ വരുമാനമുള്ളവർ നികുതിയടക്കേണ്ട. ഇതുപ്രകാരമുള്ള പുതിയ നികുതി സ്ലാബ് ധനമന്ത്രി പ്രഖ്യാപിച്ചു. വരുമാനം സ്റ്റാൻഡേർഡ് ഡിഡക്ഷൻ അടക്കമുള്ള 12.75 ലക്ഷം പരിധി കടന്നാൽ സ്ലാബ് അനുസരിച്ചാണ് നികുതി നൽകേണ്ടിവരിക.

### പുതിയ സ്ലാബ് ഇങ്ങനെ

0 – 4 ലക്ഷംവരെ നികുതി ഇല്ല
4 – 8 ലക്ഷം – അഞ്ച് ശതമാനം നികുതി
8 – 12 ലക്ഷം – 10 ശതമനം നികുതി
12 – 16 ലക്ഷം – 15 ശതമാനം നികുതി
16 – 20 ലക്ഷം വരെ 20 ശതമാനം നികുതി
20 – 24 ലക്ഷം – 25 ശതമാനം നികുതി
25ന് മുകളിൽ 30 ശതമാനം നികുതി



## 36 ജീവൻ രക്ഷാമരുന്നുകൾക്ക് നികുതിയിളവ്, ജില്ലാ ആശുപത്രികളിൽ കാൻസർ സെന്ററുകൾ

ന്യൂഡൽഹി: ബജറ്റ് പ്രഖ്യാപനത്തിൽ ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകി ധനമന്ത്രി നിർമലാ സീതാരാമൻ. ജീവൻ രക്ഷാ മരുന്നുകൾക്ക് നികുതി ഇളവ് പ്രഖ്യാപിച്ചതിനൊപ്പം കാൻസർ മേഖലയ്ക്കും പദ്ധതികൾ പ്രഖ്യാപിച്ചു. 36 ജീവൻ രക്ഷാമരുന്നുകൾക്ക് പൂർണമായും നികുതി ഇളവ് നൽകി. ആറ് ജീവൻ രക്ഷാമരുന്നുകൾക്ക് നികുതി 5 ശതമാനമാക്കി കുറച്ചു. ഇതിനു പുറമെ 37 മരുന്നുകൾക്കും 13 പുതിയ രോഗീ സഹായ പദ്ധതികൾക്കും പൂർണമായും നികുതി ഒഴിവാക്കി.

വരുന്ന മൂന്നുവർഷത്തിനുള്ളിൽ രാജ്യത്തെ എല്ലാ ജില്ലകളിലും ഡേ കെയർ കാൻസർ സെന്ററുകൾ സ്ഥാപിക്കുമെന്നും പ്രഖ്യാപിച്ചു. 2025-26 വർഷത്തിൽത്തന്നെ ഇതിൽ 200 സെന്ററുകൾ ക്രമീകരിക്കും. രാജ്യത്തുടനീളമുള്ള കാൻസർ രോഗികൾക്ക് ചികിത്സ പ്രാപ്യമാക്കാനും പിന്തുണയേകാനും ആരോഗ്യസേവനങ്ങളിലെ വിടവ് നികത്താനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി അവതരിപ്പിച്ചത്.

എട്ടു കോടി കുഞ്ഞുങ്ങൾക്ക് പോഷകാഹാരം ഉറപ്പുവരുത്താനുള്ള പദ്ധതിയും പ്രഖ്യാപനത്തിലുണ്ട്. സക്ഷം അംഗൻവാടി പോഷൺ 2.0 പദ്ധതിയിലൂടെയാണ് എട്ടുകോടിയിലേറെ കുഞ്ഞുങ്ങൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്നത്. രാജ്യത്തുടനീളമുള്ള ഒരു കോടി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, 20 ലക്ഷം കൗമാരക്കാർക്കും പോഷകാഹാരം ഉറപ്പുവരുത്തും.

ഭാരത് നെറ്റ് പ്രൊജക്ടിന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും ബജറ്റിൽ പ്രഖ്യാപിച്ചു.

## തുടർച്ചയായി ഏറ്റവുംകൂടുതൽ ബജറ്റുകൾ; എട്ട് ബജറ്റുകളവതരിപ്പിച്ച് ചരിത്രംകുറിച്ച് നിർമലാ സീതാരാമൻ



ന്യൂഡൽഹി: തുടർച്ചയായി എട്ട് കേന്ദ്ര ബജറ്റുകൾ അവതരിപ്പിച്ച് ചരിത്രംകുറിച്ച് ധനമന്ത്രി നിർമലാ സീതാരാമൻ. 2019-ൽ രണ്ടാം മോദി മന്ത്രിസഭയിലാണ് ഇന്ത്യയുടെ ആദ്യ മുഴുവൻസമയ ധനമന്ത്രിയായി നിർമല ചുമതലയേൽക്കുന്നത്. അന്നുമുതൽ 2024 ഫെബ്രുവരിയിലെ ഇടക്കാല ബജറ്റ് ഉൾപ്പെടെയുള്ള മുഴുവൻ ബജറ്റുകളും അവതരിപ്പിച്ചത് നിർമലയായിരുന്നു.

ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ബജറ്റുകൾ അവതരിപ്പിച്ചതിന്റെ റെക്കോഡ് മൊറാർജി ദേശായിക്കാണ്, പത്ത് ബജറ്റുകൾ. എന്നാൽ ഇത് തുടർച്ചയായിട്ട് ആയിരുന്നില്ല. 1959-നും 64-നും ഇടയിൽ ധനമന്ത്രിയായിരിക്കേ ആറ് ബജറ്റുകളും 1967-നും 1969-നും ഇടയിൽ നാല് ബജറ്റുകളുമാണ് അദ്ദേഹം അവതരിപ്പിച്ചത്.

വ്യത്യസ്ത കാലയളവുകളിലായി പി. ചിദംബരം ഒൻപത് ബജറ്റുകളും പ്രണാബ് മുഖർജി എട്ട് ബജറ്റുകൾ വീതവും അവതരിപ്പിച്ചിട്ടുണ്ട്. പി.വി. നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരിക്കേ 1991-95 കാലത്ത് അഞ്ച് ബജറ്റുകളാണ് മൻമോഹൻ സിങ് അവതരിപ്പിച്ചത്.

തുടർച്ചയായ ബജറ്റ് അവതരണത്തിൽ മാത്രമല്ല, ഏറ്റവും ദൈർഘ്യമേറിയ ബജറ്റ് പ്രസംഗത്തിനുള്ള റെക്കോഡും നിർമലാ സീതാരാമന് സ്വന്തമാണ്. 2020-ലെ നിർമലയുടെ ബജറ്റ് പ്രസംഗം നീണ്ടുനിന്നത് രണ്ട് മണിക്കൂർ നാൽപ്പത് മിനിറ്റാണ്. അതേസമയം ഏറ്റവും കുറഞ്ഞ ബജറ്റ് പ്രസംഗം നടത്തിയത് 1977-ൽ ഹിരുഭായി എം. പട്ടേൽ ആയിരുന്നു. വെറും എണ്ണൂറുവാക്കുകൾ മാത്രമായിരുന്നു ആ പ്രസംഗത്തിലുണ്ടായിരുന്നത്.

## എല്ലാ സ്കൂളുകളിലും ബ്രോഡ് ബാൻഡ്

ന്യൂഡൽഹി: രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ സർക്കാർ സ്കൂളുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഭാരത് നെറ്റിന്റെ പിന്തുണയോടെ ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് ഉറപ്പാക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കേന്ദ്ര ബഡ്ജറ്റ് അവതരണത്തിനിടെയായിരുന്നു പ്രഖ്യാപനം.

2011 ഒക്ടോബർ 25ന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ പദ്ധതിയാണ് ഭാരത്നെറ്റ്. രാജ്യത്തുടനീളമുള്ള എല്ലാ ഗ്രാമങ്ങളിലും മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് എത്തിക്കുക എന്ന ഉദ്ദേശത്തോടെ രൂപകൽപ്പന ചെയ്തതാണ് ഭാരത്നെറ്റ് പദ്ധതി. ആശയവിനിമയ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ, സാങ്കേതികപരമായ വളർച്ചയുണ്ടാക്കി ഗ്രാമീണ സമൂഹത്തെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## 'അവൻ കത്തിച്ചത് തന്നെയാ, ചത്തില്ലെങ്കിൽ കൊല്ലുമെന്ന് പറഞ്ഞു'; മകൻ സ്വത്തിനുവേണ്ടി കൊന്നതെന്ന് സംശയം



ആലപ്പുഴ: മാന്നാറിൽ വൃദ്ധദമ്പതികൾ പൊള്ളലേറ്റ് മരിച്ച സംഭവത്തിൽ മകൻ സ്വത്തിന് വേണ്ടി വീടിന് തീവെച്ചതാണ് എന്ന് സംശയം. മകൻ വിജയനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കൊറ്റോട്ട് രാഘവനും ഭാരതിയുമാണ് കൊല്ലപ്പെട്ടത്.

ദമ്പതികളുടെ 5മക്കളിലൊരാളാണ് വിജയൻ. ഇയാൾ മാതാപിതാക്കൾക്കൊപ്പമാണ് താമസിച്ചിരുന്നു. വിജയൻ കുടുംബമായി എണ്ണക്കാട് എന്ന സ്ഥലത്തായിരുന്നു താമസം. കുടുംബവുമായി പിണങ്ങി മാസങ്ങൾക്ക് മുമ്പാണ് മാതാപിതാക്കളോടൊപ്പം താമസമാരംഭിച്ചത്. കടുത്ത മദ്യപാനിയായ വിജയൻ മദ്യപിച്ച് വന്ന് വീട്ടിൽ വഴക്കിടുന്നത് പതിവായിരുന്നു എന്നും നാട്ടുകാർ പറയുന്നു. സ്വത്തിന്റെ പേരിൽ ഇയാൾ മാതാപിതാക്കളോട് വഴക്കിടുന്നത് പതിവായിരുന്നു എന്ന് കൊല്ലപ്പെട്ട രാഘവന്റെയും ഭാരതിയുടെയും മകളുടെ മകൻ വിഷ്ണു പറയുന്നു. ഇവരെ കൊല്ലുമെന്ന് പലപ്പോഴും വിജയൻ ഭീഷണിമുഴക്കിയിരുന്നതായും ചെറുമകൻ പറയുന്നു. മൃതദേഹങ്ങൾ കട്ടിലിൽ കിടക്കുന്ന നിലയിൽ തന്നെയായിരുന്നുവെന്നും ഇരുവരെയും കൊലപ്പെടുത്തിയ ശേഷം കത്തിച്ചതാണെന്ന് സംശയമുണ്ടെന്നും ചെറുമകൻ വിഷ്ണു പറഞ്ഞു. ചത്തില്ലെങ്കിൽ കൊല്ലുമെന്നായിരുന്നു വിജയന്റെ ഭീഷണി. ദിവസങ്ങൾക്ക് മുമ്പ് മാതാപിതാക്കളെ വിജയൻ മർദ്ദിച്ചിരുന്നു. വിജയനെതിരെ കേസ് നൽകുകയും ചെയ്തിരുന്നുവെന്നും പ്രദേശവാസികൾ പറയുന്നു.

കുടുംബ ഓഹരി പ്രകാരം ലഭിച്ച സ്ഥലത്ത് വീടുകെട്ടിയാണ് രാഘവനും ഭാരതിയും താമസിച്ചിരുന്നത്. ശനിയാഴ്ച പുലർച്ചെ മൂന്ന് മണിയോടെയാണ് സംഭവമുണ്ടാകുന്നത്. വീട് കത്തുന്ന സമയം വിജയൻ വീടിന് സമീപമുണ്ടായിരുന്നുവെന്നും സമീപത്തെ പാടശേഖരത്തേക്ക് ഇയാൾ പോകുന്നത് കണ്ടതായും നാട്ടുകാർ വ്യക്തമാക്കുന്നു.

വീട് പൂർണമായും കത്തി നശിച്ചു. വെളിച്ചം കണ്ടാണ് ഉണർന്നതെന്ന് നിലവിളിക്കുന്ന ശബ്ദമോ മറ്റോ കേട്ടില്ലെന്നും അയൽക്കാർ പറയുന്നു. തീയണക്കാൻ ശ്രമിച്ചെങ്കിലും ടിൻ ഷീറ്റ് കൊണ്ട് നിർമിച്ച വീടായതിനാൽ തീ വളരെ വേഗം ആളിപ്പടരുകയായിരുന്നു.

## പുതിയ വിമാനത്താവളം, ജലസേചന പദ്ധതി; ബിഹാറിന് വാരിക്കോരി നൽകി ബജറ്റ്, കണ്ണ് തിരഞ്ഞെടുപ്പിൽ



ന്യൂഡൽഹി: നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ബിഹാറിന് വാരിക്കോരി നൽകി കേന്ദ്ര ബജറ്റ്. കാർഷിക മേഖലയ്ക്കും വ്യാവസായങ്ങൾക്കുമായി നിരവധി പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്.

ബിഹാറിന് മഖാന ബോർഡ് ബിഹാറിലെ പട്ന വിമാനത്താവളം നവീകരിക്കും.

പുതിയ ഗ്രീൻഫ്രീൽഡ് എയർപോർട്ട് നിർമിക്കും.

ബിഹ്ടയിൽ ബ്രൗൺ ഫീൽഡ് വിമാനത്താവളം നിർമിക്കും. കൂടാതെ പാട്ന എയർപോർട്ട് വികസിപ്പിക്കും.

പട്ന ഐ.ഐ.ടിക്ക് പുതിയ ഹോസ്റ്റൽ. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഉൾക്കൊള്ളാവുന്ന വിദ്യാർഥികളുടെ എണ്ണം വർധിപ്പിക്കും

പുതിയ ഫുഡ് പ്രോസസിങ് യൂണിറ്റ് തുടങ്ങും ബിഹാറിൽ പ്രത്യേക കനാൽ പദ്ധതി നടപ്പാക്കും. മിതിലാഞ്ചൽ മേഖലയിലെ വോൺ കോസി കനാൽ പദ്ധതിക്കാണ് ബജറ്റിൽ പ്രഖ്യാപനം.

ബിഹാറിന് 13000 കോടി രൂപയുടെ സഹായം നൽകണമെന്നാവശ്യപ്പെട്ട് ബിഹാർ ഉപമുഖ്യമന്ത്രി സാമ്രാട്ട് ചൗധരി നിർമല സീതാരാമനുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ബിഹാറിൽ ഈ വർഷം നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കേയാണ് സംസ്ഥാനത്തിനുള്ള കേന്ദ്രത്തിന്റെ അകമഴിഞ്ഞ സഹായം.

## കിസാൻ ക്രെഡിറ്റ് കാർഡ് പരിധി 5 ലക്ഷമാക്കി; കാർഷിക മേഖലക്കായി 'പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജന'

ന്യൂഡൽഹി: മൂന്നാം മോദി സർക്കാറിന്റെ രണ്ടാം ബജറ്റിൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന നിരവധി പദ്ധതികളുമായി ധനമന്ത്രി നിർമല സീതാരാമൻ. കാർഷിക മേഖലയുടെ വളർച്ചയ്ക്കായി 'പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജന' എന്ന പദ്ധതിയാണ് പ്രഖ്യാപിച്ചത്. സംസ്ഥാനങ്ങളുമായി ചേർന്ന് രാജ്യത്തെ 100 ജില്ലകൾക്കാണ് ആദ്യഘട്ടത്തിൽ സഹായം നൽകുക. 1.7 കോടി കർഷകർക്ക് പദ്ധതി ഗുണം ചെയ്യുമെന്നും ധനമന്ത്രി അവകാശപ്പെട്ടു.

കിസാൻ പദ്ധതികളിൽ വായ്പ പരിധി ഉയർത്തും. ചെറുകിട ഇടത്തരം മേഖലകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകും. കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധി 3 ലക്ഷത്തിൽ നിന്ന് 5 ലക്ഷമാക്കി ഉയർത്തും. സ്റ്റാർട്ട് അപ്പുകളിൽ നിക്ഷേപ പിന്തുണ ഉറപ്പിക്കും. പരുത്തി കൃഷിക്കായി ദേശീയ പദ്ധതി കൊണ്ടുവരുമെന്നും പഞ്ചവത്സര പദ്ധതി കൊണ്ടുവരുമെന്നും ബജറ്റിൽ പ്രഖ്യാപിച്ചു.

ബിഹാറിന് മഖാന ബോർഡ് കൊണ്ടുവരും. ഉത്പാദനം, മാർക്കറ്റിങ് നടപടികളെ ത്വരിതപ്പെടുത്തും. മഖാന കർഷകരെ ശാക്തീകരിക്കുമെന്നും പരുത്തി കൃഷി പ്രോത്സാഹിപ്പിക്കുമെന്നും ബജറ്റിൽ പറയുന്നു.

ടെക്സ്റ്റൈൽ സെക്ടറുമായി ബന്ധപ്പെടുത്തി പദ്ധതികൾ കൊണ്ടുവരുമെന്നും കാർഷിക മേഖല കുറവുള്ളിടത്ത് പ്രോത്സാഹനത്തിന് നിക്ഷേപം കൊണ്ടുവരുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു.

## സെന്റർ ഒഫ് എക്സലൻസ് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് സ്ഥാപിക്കും

ന്യൂഡൽഹി: രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിനായി സെന്റർ ഒഫ് എക്സലൻസ് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് സ്ഥാപിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 2023ലെ ബഡ്ജറ്റിൽ കൃഷി, ആരോഗ്യം, സുസ്ഥിര നഗരങ്ങൾ എന്നിവയ്ക്കായി ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റെ മൂന്ന് കേന്ദ്രങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെയാണ് വിദ്യാഭ്യാസത്തിനായി കേന്ദ്രം 500 കോടി രൂപ പ്രഖ്യാപിച്ചിരിക്കുന്നത്.

യുവാക്കളെ വ്യവസായവുമായി ബന്ധപ്പെട്ട വൈദഗ്ധ്യം കൊണ്ട് സജ്ജരാക്കാൻ രൂപകൽപ്പന ചെയ്ത 5നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഫോർ സ്കില്ലിംഗിന്റെ പദ്ധതികൾ കൂടി അവതരിപ്പിക്കുമെന്ന് നിർമല സീതാരാമൻ കൂട്ടിച്ചേർത്തു. മേക്ക് ഫോർ ഇന്ത്യ, മേക്ക് ഫോർ ദ വേൾഡ് മാനുഫാക്ചറിംഗ് എന്നിവയെ പിന്തുണയ്ക്കുന്നതിനായി ആഗോള പങ്കാളിത്തത്തോടെയാണ് ഈ കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്നും മന്ത്രി അറിയിച്ചു

പാഠ്യപദ്ധതി രൂപകൽപന, അദ്ധ്യാപകരുടെ പരിശീലനം, നൈപുണ്യ സർട്ടിഫിക്കേഷൻ, പതിവ് വിലയിരുത്തലുകൾ എന്നിവ ഈ സംരംഭത്തിൽ ഉൾപ്പെടുത്തും.ആഭ്യന്തര ഉൽപ്പാദന ശേഷിയെയും സർക്കാർ പിന്തുണയ്ക്കും, മേഖലകളെ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് തിരിച്ചറിയുമെന്നും ഇൻഡസ്ട്രി 4.0യ്ക്ക് വലിയ അവസരങ്ങൾ ഉണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## ഇന്നും റെക്കോർഡ്

തൃശൂർ: സംസ്ഥാനത്ത് സ്വർണ്ണവിലയിൽ ഇന്നും റെക്കോർഡ്. പവന് 120 രൂപ കൂടി 61,960 രൂപയായി. ഗ്രാമിന് 15രൂപ കൂടി 7,745രൂപയുമാണ് ഇന്നത്തെ വിപണിവില.

## ഇന്ത്യയെ കളിപ്പാട്ടങ്ങളുടെ ഗ്ലോബൽ ഹബ്ബാക്കി മാറ്റാൻ ബഡ്ജറ്റിൽ പ്രഖ്യാപനം

ന്യൂഡൽഹി: ഇന്ത്യയെ കളിപ്പാട്ടങ്ങളുടെ ഗ്ലോബൽ ഹബ്ബാക്കി മാ?റ്റുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ. മൂന്നാം മോദി സർക്കാരിന്റെ സമ്പൂർണ ബഡ്ജ?റ്റ് അവതരണത്തിനിടയിലാണ് മന്ത്രി പ്രഖ്യാപനം നടത്തിയത്. തദ്ദേശീയ കളിപ്പാട്ട നിർമാണമേഖലയെ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി പ്രഖ്യാപിച്ചു. വികസനത്തിന് മുൻതൂക്കം നൽകുന്ന ബഡ്ജ?റ്റാണ് ഇത്തവണത്തേതെന്നും നിർമല സീതാരാമൻ കൂട്ടിച്ചേർത്തു.

600 വർഷത്തെ പാരമ്പര്യമുള്ള എട്ടിക്കൊപ്പക്ക കളിപ്പാട്ട നിർമാണത്തിന് പുതുജീവൻ നൽകിയത് നരേന്ദ്രമോദിയുടെ മൻകിബാത്ത് പരിപാടിയിലൂടെയായിരുന്നു. ഇത്തരം കളിപ്പാട്ടങ്ങളുടെ നിർമാണം നിലയ്ക്കുന്ന സാഹചര്യത്തിലാണ് മോദി പ്രഖ്യാപനം നടത്തിയത്. ഒരു കരകൗശല നിർമാണം നശിക്കുമ്പോൾ ഒരു പാരമ്പര്യം തന്നെ ഇല്ലാതാകുന്നു. മോദി മൻകിബാത്തിലൂടെ പരിചയപ്പെടുത്തുന്നതുവരെ എട്ടിക്കൊപ്പക്ക കളിപ്പാട്ടങ്ങളുടെ അവസ്ഥ ഇതായിരുന്നു. സമ്പന്നമായ സാംസ്കാരിക പൈതൃകത്തെയാണ് ഈ കളിപ്പാട്ടങ്ങൾ പ്രതിനിധീകരിക്കുന്നത്. എന്നാൽ ചൈനീസ് കളിപ്പാട്ടങ്ങൾ ഇന്ത്യൻ വിപണി കീഴടക്കിയതോടെ എട്ടിക്കൊപ്പക്ക കളിപ്പാട്ടങ്ങളുടെ കച്ചവടം പ്രതിസന്ധിയിലാക്കിയിരുന്നു.

ചെറുകിട ഇടത്തരം മേഖലകൾക്കും പാദരക്ഷ നിർമാണ മേഖലയിൽ 22 ലക്ഷം തൊഴിലവസരങ്ങളും ഒരുക്കുമെന്നും ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.എല്ലാ സർക്കാർ സെക്കൻഡറി സ്കൂളുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഭാരത് നെറ്റിന്റെ പിന്തുണയോടെ ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് ഉറപ്പാക്കും, സെന്റർ ഒഫ് എക്സലൻസ് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്ഥാപിക്കും, ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക, സുസ്ഥിര വികസിത മേഖലകളെ ഉൾപ്പെടെ ലക്ഷ്യമിട്ടായിരിക്കും ഇതെന്നും മന്ത്രി ബഡ്ജറ്റിൽ അവതരിപ്പിച്ചു. ദരിദ്രരും യുവാക്കളും കർഷകരും സ്ത്രീകളുമാണ് ബഡ്ജറ്റിന്റെ പ്രധാന ശ്രദ്ധയെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.

### മറ്റ് പ്രഖ്യാപനങ്ങൾ

1. ബീഹാറിൽ മഖാന ബോർഡ് സ്ഥാപിക്കും. ഇത് മഖാനയുടെ ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നിവ വർദ്ധിപ്പിക്കും.
2. പച്ചക്കറികൾക്കും പഴങ്ങൾക്കും വേണ്ടിയുള്ള സമഗ്രമായ പദ്ധതി അവതരിപ്പിക്കും. ഈ പ്രവണതയെ ലക്ഷ്യം വച്ചുള്ള സംരംഭങ്ങളെ സർക്കാർ പിന്തുണയ്ക്കും.
3. തുവര, മസൂർ എന്നിവയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പയർവർഗങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ആറ് വർഷത്തെ ദൗത്യം സർക്കാർ ആരംഭിക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു.
4. നികുതി, വൈദ്യുതി, നഗരവികസനം, ഖനനം, സാമ്പത്തിക മേഖല, നിയന്ത്രണ പരിഷ്കരണങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ നൽകും.

## മിന്നൽ പണിമുടക്ക്

തൃശൂർ: തൃശൂർ -കൊടുങ്ങല്ലൂർ റൂട്ടിൽ സ്വകാര്യ ബസുകൾ മിന്നൽ പണിമുടക്ക് നടത്തുന്നു. റോഡ് പണി നടക്കുന്ന മാപ്രാണത്ത് വൺവെ തെറ്റിച്ച് ചെറുവാഹനങ്ങൾ വരുന്നതുമൂലം ബസുകൾക്ക് സമയക്രമം പാലിച്ച് സർവ്വീസ് നടത്താൻ സാധിക്കുന്നില്ലെന്ന് ആരോപിച്ചാണ് സമരം.

### കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 139/2019

Sunny.
-Petitioner

Shobin Davis S/o. Davis, Vettath House, Marakkal, Kannara, Thrissur
- 1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ് **23-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു.

എന്ന്, 31-1-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**എ. ആർ രാജഗോപാലൻ**
(ഒപ്പ്)

### COURT NOTICE

**BEFORE THE HON'BLE MUNSIFF COURT THRISSUR**

OS : 1228/2023

Canera Bank, Peringottukara Branch, Kizhakkumuri, Peringottukara, Thrissur, Kerala-680571, Rep. by Its Branch Manager
-Plaintiff

Yamuna, Aged 57 years, W/o. Sreevalsan, Ainikunnath House, P.O.Apappad, Thrissur-680641
-3rd Defendant

The above suit is filed against the Defendants for realisation of money based on Loan Agreement, The said suit is posted to **18-02-2025** directed to affix the summons to the 3rd Defendant at her place of residence, and Court notice board. If the 3rd Defenant is not present at 11.00 am. on the above stated date the case will be disposed without hearing the part of 3rd Defendant.

Date this the 30th of January 2025
**N GIRISH** (S/d)
Counsel for the Plaintiff

### COURT NOTICE

**BEFORE THE HON'BLE MUNSIFF COURT THRISSUR**

OS : 1193/2023

Canera Bank, Ollur Branch, Thrissur, Kerala-680306, Rep. by Its Branch Manager
-Plaintiff

Vijayalakshmi Bhaskaran, Aged 46 years, W/o. Bhaskaran, Kolazhikkaran House, Vattamavu, Anakkallu, P.O. Avinissery, Thrissur-680306
- Defendant

The above suit is filed against the Defendants for realisation of money based on Loan Agreement, The said suit is posted to **13-02-2025** directed to affix the summons to the Defendant at her place of residence, and Court notice board. If the Defenant is not present at 11.00 am. on the above stated date the case will be disposed without hearing the part of Defendant.

Date this the 30th of January 2025
**N GIRISH** (S/d)
Counsel for the Plaintiff

### കോടതി പരസ്യം

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

OP(MV): 165/2019

IA: 1/2024, IA: 2686/2024

The New India Assurance Co. Ltd
-Petitioner /R4

Unnikrishnan, S/o. Ganapathi, Mudukunni House, Vallapuzha P.O, Pattambi Taluk
-Respondent No. 2

മേൽ നമ്പ്രിലെ 2-ാം എതൃകക്ഷിക്കുള്ള സമൻസ് കല്പന പത്രത്തിൽ പരസ്യം ചെയ്യാനും പതിച്ചുനടത്തുവാനും കൽപ്പിച്ച് മേൽ നമ്പ്ഹരജി **20-03-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം താങ്കളോ താങ്കളുടെ പ്രതിനിധിയോ ഹാജരാവാത്ത പക്ഷം താങ്കളെ എക്സ്പാർട്ടിയാക്കി ഉത്തരവ് കല്പിക്കുന്നതാണ്.

എന്ന്, 16-01-2025
R4ഭാഗം അഡ്വക്കെറ്റ്
**ടി രവിശങ്കർ**
ഒറ്റപ്പാലം (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





ചിമ്മിനി ഡാം വന്യ ജീവി സംരക്ഷണ കേന്ദ്രത്തിൽ വച്ചു നടന്ന യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് എൻകോൺ ക്ലബ്ബ് നേച്ചർ ക്യാമ്പ് ചിമ്മിനി ഡാം ബി എഫ് ഒ പ്രവീൺ വി എ ഉദ്ഘാടനം ചെയ്യുന്നു.

## ചിമ്മിനി ഡാം വന്യജീവി സങ്കേതത്തിൽ ഏകദിന നേച്ചർ ക്യാമ്പ്

ഇരിങ്ങാലക്കുട: വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീറിങ് കോളേജ് എൻകോൺ ക്ലബ്ബ് അംഗങ്ങൾക്കായി സംസ്ഥാന വനം വന്യജീവി വകുപ്പിന്റെ സഹായത്തോടെ ഏകദിന നേച്ചർ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് ചിമ്മിനി ഡാം ബി. എഫ്. ഒ പ്രവീൺ വി.എ ഉദ്ഘാടനം ചെയ്തു.എൻകോൺ ക്ലബ്ബ് കോർഡിനേറ്റർ കെ. കെ.അബ്ദുൾ റസാഖ് അധ്യക്ഷത വഹിച്ചു. ഭൂമിയിലെ അതിജീവനം പ്രകൃതി സംരക്ഷണത്തിലൂടെ സാധ്യമാവൂ എന്നും പ്രകൃതി സംരക്ഷണത്തിന് പ്രധാനമാർഗ്ഗം വനസംരക്ഷണമാണെന്നും അദ്ദേഹം പറഞ്ഞു. വനവിസ്തൃതിയുടെ വ്യാപ്തി കുറയുകയും, ജലം, ഭക്ഷ്യ വസ്തുക്കൾ കുറയുമ്പോഴും ആണ് വന്യജീവികൾ ജനവാസ മേഖലയിൽ പ്രവേശിക്കുന്നതെന്നും ക്യാമ്പ് വിലയിരുത്തി. വനസംരക്ഷണം, പരിസ്ഥിതി ബോധവൽകരണം, ട്രക്കിങ്, കാട്ടുതീ തടയുന്നതിന് മുൻകരുതലുകൾ എന്നിവ ക്യാമ്പിന്റെ ഭാഗമായിരുന്നു. റോഷിമ ടി .വി (അസി. പ്രൊഫസർ), ശ്രീനിവാസൻ പി. കെ എന്നിവർ വിദ്യാർത്ഥികളെ അനുഗമിച്ചു. ക്യാമ്പിൽ അമ്പതോളം വിദ്യാർഥികൾ പങ്കെടുത്തു.

## കാറളം നന്തിയിൽ പട്ടാപകൽ മോഷണം; അടച്ചിട്ടിരുന്ന വീട്ടിൽ നിന്നും പത്ത് പവനോളം സ്വർണ്ണം കവർന്നു

ഇരിങ്ങാലക്കുട : കാറളം നന്തിയിൽ അടച്ചിട്ടിരുന്ന വീട്ടിൽ മോഷണം. പത്ത് പവനോളം സ്വർണ്ണം മോഷ്ടാക്കൾ കവർന്നു. കാറളം പഞ്ചായത്ത് ഒന്നാം വാർഡിൽ നന്തിയിൽ മെയിൻ റോഡിൽ ഗെയിൽ ഓഫീസിന്റെ അടുത്തുള്ള പൊന്നാരി പ്രേമന്റെ വീട്ടിലാണ് പകൽ കവർച്ച നടന്നത്. പ്രേമനും മകളും പ്രേമന്റെ സഹോദരൻ ഷൈലജനെയും കൊണ്ട് ചികിൽസ ആവശ്യങ്ങൾക്കായി രാവിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയിരിക്കുകയായിരുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിൽ പാലിയേറ്റീവ് നേഴ്സായ പ്രേമന്റെ ഭാര്യ ഷീജ ജോലിക്കും പോയിരിക്കുകയായിരുന്നു. പ്രേമനും സഹോദരനും മകളും ഉച്ചയ്ക്ക് മൂന്ന് മണിയോടെ വീട്ടിൽ തിരിച്ച് എത്തിയപ്പോഴാണ് മുൻ വാതിൽ തുറന്ന് കിടക്കുന്നതായി കണ്ടത്. കിടപ്പ് മുറിയിലെ അലമാരിയിൽ നിന്നും ഒരു മാലയും രണ്ട് വളയുമാണ് കവർന്നിരിക്കുന്നത്. വിവരമറിയിച്ചതിനെ തുടർന്ന് കാട്ടൂർ പോലീസ് സ്ഥലത്ത് എത്തി അന്വേഷണം ആരംഭിച്ചു . ഫൊറൻസിക് ഉദ്യോഗസ്ഥരും ഡോഗ് സ്ക്വാഡും സ്ഥലത്ത് എത്തിയിരുന്നു.

## പുതുക്കാട് സെന്റ് സേവിയേഴ്സ് വിദ്യാലയം 96-ാം വാർഷിക ദിനാഘോഷം



പുതുക്കാട് സെന്റ് സേവിയേഴ്സ് വിദ്യാലയം 96-ാം വാർഷിക ദിനാഘോഷം സമുചിതമായി ആഘോഷിച്ചു. പി.ടി.എ പ്രസിഡന്റ് ഡാനിയൽ വി.ജി സ്വാഗതം ആശംസിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ വന്ദന സി എം സി റിപ്പോർട്ട് അവതരണം നടത്തി. പുതുക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പറും ഡെവലപ്മെന്റ് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ സെബി കൊടിയൻ ഉദ്ഘാടനം നിർവഹിച്ചു. തൃശ്ശൂർ നിർമ്മല പ്രോവിൻസ് വികാർ പ്രൊവിൻഷ്യൽ റവ. സിസ്റ്റർ ഷീല സി എം സി അധ്യക്ഷപദം അലങ്കരിച്ചു. പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി വികാരി റവ. ഫാ പോൾ തേക്കാനത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയും മുപ്ലിയം കപ്പുച്ചിൻ ധ്യാന ശ്രമത്തിലെ സുപ്പീരിയറുമായ റവ. ഫാ ആന്റണി തേക്കാനത്ത് എൻഡോമെന്റ് വിതരണം നിർവഹിച്ചു. പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് കോൺവെന്റ് മദർ സുപ്പീരിയറും ലോക്കൽ മാനേജരുമായ സിസ്റ്റർ നിത്യ ജോസ് സി എം സി സമ്മാനദാനം നിർവഹിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാവിരുന്ന് പരിപാടികൾക്ക് മോടി കൂട്ടി.

### ഗതാഗത നിയന്ത്രണം

ചാലക്കുടി - ആനമല റോഡിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി തമിഴ്നാട് ചെക്ക്പോസ്റ്റ് മുതൽ ചാലക്കുടി ഭാഗത്തേക്ക് 10 കി.മീ ദൂരം ബി.സി ടാറിങ്ങ് പ്രവൃത്തി പുനരാരംഭിക്കുന്നതിനാൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. 3 മുതൽ 17 വരെ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ എമർജൻസി വാഹനങ്ങളൊഴികെ പ്രവൃത്തി നടക്കുന്ന റീച്ചിൽ ഗതാഗതം പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.

## സന്മാർഗ്ഗദീപം ഗ്രാമീണവായനശാല റഫറൻസ് ലൈബ്രറി ഉദ്ഘാടനം



കൂർക്കഞ്ചേരി: വടൂക്കര സന്മാർഗ്ഗദീപം ഗ്രാമീണവായനശാല റഫറൻസ് ലൈബ്രറി ഉദ്ഘാടനം, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജയപ്രകാശ് പൂവത്തിങ്കൽ നിർവ്വഹിക്കുന്നു. ജെപിഇ ഹയർസെക്കൻഡറി സ്കൂൾ മാനേജർ ഇ.ഡി തോമസ് മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിച്ചു. പ്രസിഡന്റ് തിലകൻ കൈപ്പുഴ അദ്ധ്യക്ഷത വഹിച്ചു, താലൂക്ക് ലൈബ്രറി കൗൺസിൽ കമ്മിറ്റിയംഗം എം.കെ വിലാസ്, റിട്ട, കൃഷി ജോയിന്റ് ഡയറക്ടർ ടി.പി ബൈജു, ജെപിഇ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് വൃന്ദ ടീച്ചർ,ശിവൻ മാഷ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. സെക്രട്ടറി ടി.കെ സത്യൻ സ്വാഗതവും, കമ്മിറ്റിയംഗം പി മൊഹമ്മദ് ബാബു നന്ദിയും പറഞ്ഞു.

## അക്ഷരായന വായനോത്സവ വിജയികളേയും, സംസ്ഥാന തല മികച്ച ലൈബ്രേറിയൻമാർക്കുള്ള ആദരിച്ചു

തൃശൂർ: അക്ഷരായനം-അഷ്ടദളം 2024 വായനോത്സവനത്തിന്റെ അനുമോദനയോഗവും കുംടുംബ സംഗമവും വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. ഡോ. സി. രാവുണ്ണി അധ്യക്ഷനായിരുന്നു.

സംഗീത നാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി മുഖ്യപ്രഭാഷണം നടത്തി. വായനയിലൂടെ ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായ ദർശനം തലമുറകളിലേക്ക് പകരുന്ന അക്ഷരായനം പോലുള്ള പ്രസ്ഥാനങ്ങൾക്കാണ് ഇനി പ്രസക്തിയെന്ന് അദ്ദേഹം പറഞ്ഞു. ജബ്ബാർ താജ് രചിച്ച അറിവുകളുടെ വിരുന്നു കാലം എന്ന പുസ്തകം പ്രകാശനം ചെയ്തു. ഡോ.കെ. ധനലക്ഷ്മി ഏറ്റുവാങ്ങി അക്ഷരായനത്തിന്റെ ഉപഗ്രൂപ്പായ ഇംഗ്ലീഷ് ഒഡീസി അംഗങ്ങൾ രചിച്ച ഘലമ്മലെ ഡിളൗൃഹശിഴ എന്ന പുസ്തകം എഴുത്തുകാരായ കുട്ടികൾ ടി.കെ. ബിന്ധ്യ ടീച്ചർക്ക് നൽകി പ്രകാശനം ചെയ്തു. സംസ്ഥാനത്തെ പതിനാല് ജില്ലകളിലെ മികച്ച ഗ്രാമീണ ഗ്രന്ഥശാല ലൈബ്രറിയന്മാരെയും അക്ഷരായനം പ്രവർത്തകരായ ലൈബ്രറിയന്മാരെയും ആദരിച്ചു . 150 ദിവസം നീണ്ടു നിന്ന വായനോത്സവത്തിൽ മികച്ച വായനക്കാരായി തെരഞ്ഞെടുക്കപ്പെട്ട 250 പേരെ അനുമോദിച്ച് പുസ്തകസഞ്ചിയും മറ്റു സമ്മാനങ്ങളും നൽകി. കർഷകകൂട്ടായ്മയായ കർഷകമിത്രായനത്തിന്റെ വിത്തു കൈമാറ്റത്തിനായി പത്തായം, ചിത്രദളം ആർട്ട് ഗാലറി ,പുസ്തകവട്ടി (പുസ്തക ബാങ്ക് ) തുടങ്ങിയവയും ശ്രദ്ധേയം ആയിരുന്നു.ചെയർമാൻ കെ. എൻ യശോധരൻ സ്വാഗതവും കൺവീനർ ഡോ. ബെന്നി ജേക്കബ് നന്ദിയും പറഞ്ഞു. പി.കെ. ശ്രീകുമാർ , ഇ നാരായണി ടി.കെ. സരോജിനി,മായ വിനോദ്, വി. ശ്രീബ , നിഷ ഫ്രാൻസിസ്, ഇ.കെ. പാർവ്വതി, ടി. ആര്യൻ കണ്ണന്നൂർ, സി. ആർ. ദാസ്, ഡോ . ടി.വി. സജീവ്, ഫാരിഫാബി ടീച്ചർ, ഇ.കെ. പശുപതി, ഡോ.എം.എൻ. വിനയകുമാർ എന്നിവർ സംസാരിച്ചു.

## യാത്രയയപ്പ് നൽകി



ഇരിങ്ങാലക്കുട: കേരള ലോയേഴ്സ് ക്ലാർക്സ് അസോസിയേഷൻ (കെ എൽ സി എ) ഇരിങ്ങാലക്കുട യൂണിറ്റ്, ഇരിങ്ങാലക്കുട കോടതിയിൽ നിന്നും വിരമിക്കുന്ന ക്ലാർക്ക് സീതാലക്ഷ്മിക്ക് യാത്രയയപ്പ് നൽകി. പ്രസ്തുത യോത്തിൽ ഇരിങ്ങാലക്കുട കോടതിയിൽ ജോലി ചെയ്യുന്ന എല്ലാ ലോയേഴ്സ് ക്ലർക്കുമാരും പങ്കെടുത്തു. യൂണിറ്റ് പ്രസിഡണ്ട് കെ മുരളീധരൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി പി സി രാജീവ് സ്വാഗതം ആശംസിച്ചു. സംസ്ഥാന ട്രഷറർ ഷാജു കാട്ടുമാത്ത്, ജില്ലാ സെക്രട്ടറി സി ടി ശശി, സംസ്ഥാന കൗൺസിൽ അംഗം കെ എൽ സെബാസ്റ്റ്യൻ, ജില്ലാ ട്രഷറർ എ എൻ ഷാജി, സംസ്ഥാന കൗൺസിൽ അംഗം ഷീല രഘു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

സീതാലക്ഷ്മി പുരസ്കാരം സ്വീകരിച്ച് മറുപടി പ്രസംഗം നടത്തി. യൂണിറ്റ്ട്രഷറർ സജിത ജയിൻ നന്ദിയും പറഞ്ഞു.

## ടൂർ, വാഗ്ദാനങ്ങൾ പാലിച്ചില്ല, 195000 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: ടൂറിന് പണം കൈപ്പറ്റി, വാഗ്ദാനങ്ങൾ പാലിക്കാതിരുന്നതിനെ ചോദ്യം ചെയ്തു് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാർക്ക് അനുകൂല വിധി. തൃശൂർ കുരിയച്ചിറ സെന്റ് ജോസഫ് സ്ട്രീറ്റിലെ മന്നേലി വീട്ടിൽ ഉണ്ണികൃഷ്ണൻ.എം, കൃഷ്ണ പ്രസാദ്.കെ, പ്രീത.എം.കെ, ജ്യോത്സ്ന.ടി., വേലുപാടം കടുന്തയിൽ വീട്ടിൽ രാംദാസ്.കെ.കെ, രേഖ രാംദാസ്, അർച്ചന.എം എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ എക്സലന്റ് ഇന്ത്യ ഹോളിഡേയ്സ് ഉടമക്കെതിരെ ഇപ്രകാരം വിധിയായത്.

ടൂർ സംബന്ധമായി ഓരോരുത്തരിൽ നിന്നും 63000 രൂപ വീതം എതിർകക്ഷി കൈപ്പറ്റിയിരുന്നു. ദുബായിലേക്കാണ് ടൂർ നിശ്ചയിച്ചിരുന്നത്. വിമാനടിക്കറ്റ് ഒഴികെ, വാഗ്ദാനം ചെയ്ത യാതൊന്നും എതിർകക്ഷി നിർവ്വഹിക്കുകയുണ്ടായില്ല. താമസിക്കുവാൻ നിശ്ചയിച്ചിരുന്ന ഹോട്ടലിലെത്തിയപ്പോൾ ഹർജിക്കാർക്ക് വേണ്ടി എതിർകക്ഷി യാതൊരു സംഖ്യയും അടച്ചിരുന്നില്ല. ടൂർ സംബന്ധമായ യാത്രകളോ, ഭക്ഷണമോ, സ്ഥലസന്ദർശനങ്ങൾക്കുള്ള സംവിധാനമോ എതിർകക്ഷി ഏർപ്പാടാക്കിയിരുന്നില്ല. ഇതെല്ലാം ഹർജിക്കാർ സ്വയം നിർവ്വഹിക്കേണ്ട അവസ്ഥയിലായി. ഹർജിക്കാർക്ക് വലിയ കഷ്ടനഷ്ട്ടങ്ങൾക്കിടയായിട്ടുള്ളതാകുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി എതിർകക്ഷിയുടെ സേവനത്തിലെ വീഴ്ച വിലയിരുത്തി, ഹർജിക്കാർക്ക് 160000 രൂപയും 12% പലിശയും നഷ്ടപരിഹാരമായി 25000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാർക്ക് വേണ്ടി അഡ്വ.എ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

## വ്യാപാരി ടൗൺ അമ്പ് തിങ്കളാഴ്ച

പുതക്കാട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പുതുക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തി വരാറുള്ള വ്യാപാരി ടൗൺ അമ്പ് 3ന് തിങ്കളാഴ്ച വൈകിട്ട് 7മണിക്ക് ആഘോഷിക്കുന്നു. അമ്പിന് മുന്നോടിയായി വൈകിട്ട് 4 മണി മുതൽ പുതുക്കാട് വ്യാപാര ഭവനിൽ നിന്ന് ആരംഭിച്ച് നഗരവീഥികൾ ചുറ്റി ഡ്രംസ് തൃശൂരിന്റെ നാസിക് ഡോൾ താളവിസ്മയത്തിലൂടെ ടൗൺ അമ്പ് വിളംബരം ചെയ്യുന്നു. തുടർന്ന് 7മണിക്ക് അമ്പ് പുതുക്കാട് സെന്റ് ആന്റണീസ് ദേവാലയത്തിൽ നിന്നാരംഭിച്ച് നഗരം ചുറ്റി രാത്രി 10ന് പള്ളി അങ്കണത്തിൽ എത്തുന്നു. ദീപാലംകൃതമായ തേരും എൽ ഇ ഡി കുടകളും മുത്തുകുടകളും അമ്പിന് മാറ്റുകൂട്ടുന്നു. പ്രമുഖ ബാന്റ് സെറ്റുകളായ കൈരളി ചാലക്കുടിയും ന്യൂ വോയ്സ് പാലയും മത്സരിച്ച് ഗാനങ്ങൾ ഒരുക്കുന്നു.

## മഹാത്മ ഗാന്ധി അനുസ്മരണവും വിജ്ഞാന സദസ്സും നടത്തി



എടതിരിഞ്ഞി : രാഷ്ട്ര പിതാവ് മഹാത്മ ഗാന്ധിയുടെ 77-ാം രക്തസാക്ഷിത്വ ദിന അനുസ്മരണവും പുഷ്പാർച്ചനയും വിജ്ഞാനസദസ്സും ഗാന്ധി ദർശൻ വേദി ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മിറ്റിയും സബർമതി സാംസ്കാരിക വേദി പടിയൂരും സംയുക്തമായി പടിയൂർ സെന്റ് സെബാസ്റ്റ്യൻ ആംഗ്ലോ ഇന്ത്യൻ സ്കൂളിൽ വെച്ച് നടത്തി.

നിയോജക മണ്ഡലം പ്രസിഡണ്ട് യു. ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. ഗാന്ധി ദർശൻ വേദി ജില്ല ചെയർമാൻ പ്രൊഫ. വി. എ. വർഗീസ് യോഗം ഉദ്ഘാടനം ചെയ്തു. പഠന ക്ലാസ്സിനും, ക്വിസ് മത്സരം ,വായന മത്സരം എന്നിവ ഗാന്ധി ദർശൻ വേദി ജില്ല വൈസ് ചെയർമാൻ പി.കെ. ജിനൻ നേതൃത്വം നൽകി. സബർമതി പ്രസിഡണ്ട് ബിജു ചാണാശ്ശേരി സ്വാഗതം ആശംസിച്ചു. ഗാന്ധി ദർശൻ വേദി ജില്ല സെക്രട്ടറി എം. സനൽകുമാർ, ടി.എസ്. പവിത്രൻ ,സ്കൂൾ മാനേജർ മാർട്ടിൻ പെരേര,സബർമതി ഭാരവാഹികളായ കെ.കെ. ഷൗക്കത്തലി, ഒ.എൻ. ഹരിദാസ്, വി.കെ. നൗഷാദ് . ജോയ്സി ആന്റണി, ഹാജിറ റഷീദ്,ഗാന്ധി ദർശൻ സ്കൂൾ ചാർജ് ലാലി ദേവസ്സി ടീച്ചർ, എന്നിവർ പ്രസംഗിച്ചു. വിൻജു ടീച്ചർ നന്ദി പ്രകാശിപ്പിച്ചു.

ജില്ലാ തലത്തിൽ ഗാന്ധിയൻ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ സി.എസ്ആദിലക്ഷ്മിക്കും ,ക്വിസ് ,വായന മത്സരത്തിൽ വിജയികളായവർക്കും പ്രത്യേകം സമ്മാനം നൽകുയും പങ്കെടുത്ത എല്ലാ കുട്ടികൾക്കും പഠനോപകരണങ്ങൾ വിതരണം നടത്തുകയും ചെയ്തു.

## അയനം-എ.അയ്യപ്പൻ കവിതാപുരസ്കാരം ടി.പി.വിനോദിന്



തൃശൂർ: മലയാളത്തിന്റെ പ്രിയകവി എ.അയ്യപ്പന്റെ ഓർമ്മയ്ക്കായി അയനം സാംസ്കാരികവേദി ഏർപ്പെടുത്തിയ പതിമൂന്നാമത് അയനം-എ. അയ്യപ്പൻ കവിതാ പുരസ്കാരത്തിന് ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ടി.പി.വിനോദിന്റെ സത്യമായും ലോകമേ എന്ന കവിതാ സമാഹാരം അർഹമായി.

11111 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. പി.പി.രാമചന്ദ്രൻ ചെയർമാനും എം. എസ്. ബനേഷ്, സുബീഷ് തെക്കൂട്ട് എന്നിവർ അംഗങ്ങളുമായ ജൂറിയാണ് പുരസ്കാരത്തിന് അർഹമായ കൃതി തെരഞ്ഞെടുത്തത്.

സമകാല യുവതയുടെ ആത്മസംഘർഷങ്ങളും സങ്കീർണ്ണതകളും പരീക്ഷണാത്മകമായി ആവിഷ്കരിക്കുന്ന കവിതകളാണ് ടി.പി. വിനോദിന്റേത്. ചിരപരിചയം കൊണ്ട് ശ്രദ്ധിക്കാതെ പോകുന്ന ജീവിതാവസ്ഥകളെ അസാധാരണമായ വീക്ഷണകോണുകളിലൂടെ നോക്കിക്കണ്ട് അപരിചിതവത്കരിക്കുകയും അതിന്റെ ദാർശനികമാനങ്ങൾ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുകയും ചെയ്യുന്നു വിനോദ്. മലയാളത്തിലെ യുവകവികളിൽ വാക്കുകളുടെ മിതവ്യയത്തിലും പ്രയോഗസൂക്ഷ്മതയിലും വിനോദ് പ്രകടിപ്പിക്കുന്ന ശ്രദ്ധയും കയ്യടക്കവും അഭിനന്ദനീയമാണെന്നും ജൂറി അഭിപ്രായപ്പെട്ടു.

2025 ഫെബ്രുവരി 12 ന് കേരള സാഹിത്യ അക്കാദമിയിൽ നടക്കുന്ന ചടങ്ങിൽവെച്ച് പുരസ്കാരം സമ്മാനിക്കുമെന്ന് അയനം ചെയർമാൻ വിജേഷ് എടക്കുന്നി, കൺവീനർ പി.വി. ഉണ്ണികൃഷ്ണൻ എന്നിവർ അറിയിച്ചു.

## കേരളീയ ക്ഷേത്ര കലാസംഘം ഗുരുവായൂർ മേഖല കമ്മറ്റി രൂപികരിച്ചു



ഗുരുവായൂർ: കേരളീയ ക്ഷേത്ര കലാ സംഘം ഗുരുവായൂർ മേഖല സമ്മേളനം ഗുരുവായൂർ റീജന്റ് ഹോട്ടലിൽ നടന്നു.സംസ്ഥാന പ്രസിഡന്റ് ഡോ.ദിനേശ് കർത്തയുടെ അധ്യഷതയിൽ ചേർന്ന യോഗം തന്ത്രി എൻ എം വാസുദേവൻ നമ്പൂതിരി ഉത്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി കലാശ്രീ കലാമണ്ഡലം വാസുദേവൻ മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി.

കേ ജി ഹരിദാസ്(സംസ്ഥാന ട്രഷറർ),രാധാകൃഷ്ണൻ ഗുരുവായൂർ (സംസ്ഥാന വൈസ് പ്രസിഡണ്ട്), തിച്ചൂർ ശശി, വിനോദ് പൂങ്കുന്നം,സന്തോഷ് എം ഡി എന്നിവർ ആശംസകൾ അർപ്പിച്ചു. ജോയിന്റ് സെക്രട്ടറിമാരായ ചന്ദ്രൻ മാസ്റ്റർ സ്വാഗതവും രൂപേഷ് ഉണ്ണികൃഷ്ണൻ നന്ദിയും പ്രകാശിപ്പിച്ചു. ക്ഷേത്ര ഉത്സവങ്ങൾ നടത്തുമ്പോൾ ക്ഷേത്ര കലകൾ അവഗണിക്കപ്പെടുന്നതിൽ യോഗം ആശങ്ക രേഖപ്പെടുത്തി. ക്ഷേത്രാചാരങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താൻ ക്ഷേത്ര ഭരണ സമിതികൾ ജാഗരൂഗർ ആയിരിക്കണം എന്ന് യോഗം അഭ്യർത്ഥിച്ചു. കേരളീയ ക്ഷേത്ര കലാ സംഘത്തിന്റെ ഗുരുവായൂർ മേഖലാ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.പ്രസിഡണ്ട്: മാധവൻ നമ്പൂതിരി, സെക്രട്ടറി : ശ്രീമതി സ്മിത, ട്രഷറർ: ജവഹർ.

### നിര്യാതയായി

### ദേവകി രാമൻ



പുതുക്കാട്: ഇളയേടത്തു വീട്ടിൽ ദേവകി രാമൻ (81 വയസ്സ്) നിര്യാതയായി. സംസ്കാരം വീട്ടുവളപ്പിൽ മക്കൾ : ബാബു, ഷാജു, സജീവൻ, ഷിബു, സന്ധ്യ മരുമക്കൾ : രജനി, വിനീത, സിനി, രേഖ, നന്ദകുമാർ

## എസ് എൻ ഡി പി കൊടകര യൂത്ത്മൂവ്മെന്റ് യൂണിയൻ



കൊടകര: എസ്.എൻ. ഡി.പി യോഗം കൊടകര യൂണിയൻ യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടന്ന യൂത്ത്മൂവ്മെന്റ് യൂണിയൻ നേതൃയോഗത്തിന്റെ ഉദ്ഘാടനം എസ്. എൻ.ഡി.പി യോഗം യൂത്ത് മൂവ്മെന്റ് കേന്ദ്ര സമിതി ജോയിന്റ് സെക്രട്ടറി ചിന്തു ചന്ദ്രൻ നിർവഹിച്ചു. എസ്. എൻ.ഡി.പി യോഗം കൊടകര യൂണിയൻ സെക്രട്ടറി കെ.ആർ.ദിനേശൻ മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ യൂത്ത് മൂവ്മെന്റ് കൊടകര യൂണിയൻ പ്രസിഡണ്ട് പ്രണവ് ലാൽ അദ്ധ്യക്ഷത വഹിച്ചു.കേന്ദ്ര സമിതി ജോയിന്റ് സെക്രട്ടറി അനൂപ്.കെ.ദിനേശൻ സംഘടന സന്ദേശം നൽകി.യൂണിയൻ സൈബർ സേന ചെയർമാൻ പ്രദീപ് കല്ലിങ്ങപ്പുറം,യൂത്ത് മൂവ്മെന്റ് യൂണിയൻ കമ്മിറ്റി അംഗങ്ങളായ സോന സുജിത്ത്,ജീന സജീവ്,നിമ്മി രഞ്ജു, ഭുവനേശ്വരൻ കെ.ജെ, ശ്യാം സുധാകരൻ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.പ്രസ്തുത പരിപാടിയിൽ യൂത്ത് മൂവ്മെന്റ് യൂണിയൻ സെക്രട്ടറി ശ്രീരാജ്.കെ.എസ് സ്വാഗതവും,യൂത്ത് മൂവ്മെന്റ് യൂണിയൻ ട്രഷറർ സജിത്ത്.എസ്.ജെ നന്ദിയും പറഞ്ഞു.


### കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 71/2024

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജിൽ പാലിയംതുരുത്ത് ദേശത്ത് പ്രവർത്തിച്ചുവരുന്ന വിദ്യാർത്ഥദായിനി നിധി ലിമിറ്റഡ്

-വാദി

കൊടുങ്ങല്ലൂർ താലൂക്ക് പുല്ലൂറ്റ് വില്ലേജ് പന്തീരാംപാല ദേശത്ത് കളത്തിൽ രാമകൃഷ്ണൻ മകൾ രമ്യ

-1-ാം പ്രതി

വാഗ്ദത്തപത്ര പ്രകാരം വരേണ്ടും സംഖ്യക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 1-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് ഉത്തരവവായി മേൽ നമ്പർ കേസ് **03-02-2025** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും, മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 18-12-2024
വാദിഭാഗം അഡ്വക്കെറ്റ്
**രമ്യ പി.** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

OP(MV): 2003/2019
IA: 2/2024

ദി യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്, പാർക്ക് ഹൗസ്, തൃശൂർ

-ഹരജിക്കാരൻ/ 3-ാം എതൃകക്ഷി

ബിജു എം ജെ, S/o. ജോസ്, മുത്തിപ്പീടിക ഹൗസ്, അവിണിശ്ശേരി പി ഒ., തൃശൂർ, പിൻ-680313

-2-ാം എതൃകക്ഷി

മേൽ നമ്പ്ര് ഹരജിയിൽ 2-ാം എതൃകക്ഷിയുടെ 17-05-2019 കാലഘട്ടത്തിലുള്ള KL-08 AP-2697 നമ്പർ ഓട്ടോറിക്ഷയുടെ ഫിറ്റ്നസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനുവേണ്ടി ബോധിപ്പിച്ച ഹരജി **12-05-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ആയതിൽ ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ രേഖ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഹരജി നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 22-01-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സിന്ധു പി.** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 2270/2020

തൃശൂർ താലൂക്ക് അന്തിക്കാട് വില്ലേജ് ദേശത്ത് തട്ടിൽ കാർത്തികേയൻ മകൻ രജിത കുമാർ

-അന്യായം

തൃശൂർ താലൂക്ക് അന്തിക്കാട് വില്ലേജ് ദേശത്ത് തട്ടിൽ കാർത്തികേയൻ മകൻ ഷോഗു

- 1-ാം പ്രതി

**മേൽ നമ്പറിൽ ഒന്നാം പ്രതിയെ അറിയിക്കുന്നത്:** മേൽ നമ്പറിൽ 1-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തി അറിയിക്കാൻ ഉത്തരവായി മേൽ നമ്പർ കേസ് **21-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് വിധിയാകുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 31-1-2025
അന്യായഭാഗം അഡ്വക്കെറ്റ്
**വി ആർ രാമചന്ദ്രൻ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മ്പാകെ**

CC: 621/2024

ഇന്ദിര, W/o. ഷൺമുഖൻ, കൊടയ്ക്കാട്ടിൽ ഹൗസ്, മനക്കൊടി വില്ലേജ്, ദേശം, പി ഒ മനക്കൊടി, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, കേരള പിൻ-680612

-ഹരജിക്കാരി

1) ചെയർമാൻ, മലയാളം ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ്, രജിസ്ട്രേഡ് ഓഫീസ്, IX/73C, കാർത്തിക അപ്പാർട്ട്മെന്റ്, ചന്തപ്പടി, ഏങ്ങണ്ടിയൂർ പി ഒ., തൃശൂർ കേരള പിൻ-680615
2) മലയാളം ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ്, Reptd. by മാനേജിംഗ് ഡയറക്ടർ, രജിസ്ട്രേഡ് ഓഫീസ്, IX/73C, കാർത്തിക അപ്പാർട്ട്മെന്റ്, ചന്തപ്പടി, ഏങ്ങണ്ടിയൂർ പി ഒ., തൃശൂർ കേരള പിൻ-680615

-എതൃകക്ഷികൾ

മേൽനമ്പിലെ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കമ്മീഷനിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **24-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് താങ്കൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ കമ്മീഷൻ മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 31-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി ആർ വിശ്വംഭരൻ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മ്പാകെ**

CC: 645/2024

ആനന്ദജ്യോതി സി വി, S/o. വിജയൻ, ചക്കിത്തറ വീട്, മനക്കൊടി ദേശം, മനക്കൊടി പി ഒ., മനക്കൊടി വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ ജില്ല പിൻ-680012 എന്നവർക്ക് വേണ്ടി ഭാര്യാമാതാവും മുക്ത്യാർകാരിയുമായ ഇന്ദിര ടി കെ, W/o. Late ഷൺമുഖൻ, കൊടയ്ക്കാട്ടിൽ ഹൗസ്, മനക്കൊടി വില്ലേജ്, ദേശം, പി ഒ മനക്കൊടി, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, കേരള പിൻ-680012

-ഹരജിക്കാരി

1) ചെയർമാൻ, മലയാളി ക്ഷേമനിധി ലിമിറ്റഡ്, രജി ഓഫീസ്, 73C, NH 17, കാർത്തിക അപ്പാർട്ട്മെന്റ്, പി ഒ ഏങ്ങണ്ടിയൂർ, തൃശൂർ കേരള പിൻ-680615
2) മലയാളി ക്ഷേമനിധി ലിമിറ്റഡ്, രജി ഓഫീസ്, Reptd. by മാനേജിംഗ് ഡയറക്ടർ, രജി ഓഫീസ്, 73C, NH 17, കാർത്തിക അപ്പാർട്ട് മെന്റ്, പി ഒ ഏങ്ങണ്ടിയൂർ പി ഒ, തൃശൂർ കേരള പിൻ-680615

-എതൃകക്ഷി

മേൽനമ്പിലെ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കമ്മീഷനിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **12-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് താങ്കൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ കമ്മീഷൻ മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാ കല്പിക്കുന്നതാണെന്ന് വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 31-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി ആർ വിശ്വംഭരൻ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മ്പാകെ**

CC: 643/2024

പ്രദീപ്കുമാർ സി കെ, S/o. കറപ്പക്കുട്ടി, ചാണശ്ശേരി ഹൗസ്, ഏങ്ങണ്ടിയൂർ വില്ലേജ്, കുണ്ടലിയൂർ ദേശം, കുണ്ടലിയൂർ പി ഒ., ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല,പിൻ-680616 എന്നവർക്ക് വേണ്ടി സഹോദരിയും മുക്ത്യാർ കാരിയുമായ രേണുക സി കെ, D/o. കറപ്പക്കുട്ടി, W/o. വിനോദൻ, കൊണ്ടറപ്പശ്ശേരി ഹൗസ്, തൃത്തല്ലൂർ വെസ്റ്റ് പി ഒ., തൃത്തല്ലൂർ ദേശം ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല, കേരള സ്റ്റേറ്റ്, പിൻ-680619

-ഹരജിക്കാരൻ

1) ചെയർമാൻ, മലയാളി ക്ഷേമനിധി ലിമിറ്റഡ്, രജി ഓഫീസ്, 73C, NH 17, കാർത്തിക അപ്പാർട്ട്മെന്റ്, പി ഒ ഏങ്ങണ്ടിയൂർ, തൃശൂർ കേരള പിൻ-680615
2) മലയാളി ക്ഷേമനിധി ലിമിറ്റഡ്, രജി ഓഫീസ്, മാനേജിംഗ് ഡയറക്ടർ 73C, NH 17, കാർത്തിക അപ്പാർട്ട്മെന്റ്, പി ഒ ഏങ്ങണ്ടിയൂർ, തൃശൂർ കേരള പിൻ-680615

-എതൃകക്ഷികൾ

മേൽനമ്പിലെ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കമ്മീഷനിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **12-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് താങ്കൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ കമ്മീഷൻ മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 31-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി ആർ വിശ്വംഭരൻ** (ഒപ്പ്)